"ഭരണഭാഷ - മാതൃഭാഷ"

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 03/10/2018

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പത്തനംതിട്ട
വിദ്യാഭ്യാസ ഉപ ഡയറക്ടർ, ആലപ്പുഴ
വിദ്യാഭ്യാസ ഉപ ഡയറക്ടർ, കോട്ടയം
വിദ്യാഭ്യാസ ഉപ ഡയറക്ടർ, ഇടുക്കി
വിദ്യാഭ്യാസ ഉപ ഡയറക്ടർ, എറണാകുളം
വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ
വിദ്യാഭ്യാസ ഉപ ഡയറക്ടർ, വയനാട്
വിദ്യാഭ്യാസ ഉപ ഡയറക്ടർ, കോഴിക്കോട്
വിദ്യാഭ്യാസ ഉപ ഡയറക്ടർ, മലപ്പുറം
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്
വിദ്യാഭ്യാസ ഉപ ഡയറക്ടർ, കണ്ണൂർ
വിദ്യാഭ്യാസ ഉപ ഡയറക്ടർ, കാസറഗോഡ്
മുഖ്യ പരീക്ഷാ കമ്മീഷണർ, പരീക്ഷാ ഭവൻ, തിരുവനന്തപുരം
ടെസ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്. സി. ആർ.ടി.

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-MEDISEP- ജീവനക്കാരുടെ വിവരശേഖരണം- സംബന്ധിച്ച്.

സൂചന :- 1. 7/8/2018 തീയതിയിലെ സർക്കാർ പരിപത്രം നമ്പർ 73/2018/ധന.

2. 5/9/2018 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ് നമ്പർ കെ(2)/83217/2018/ഡി.പി.ഐ.

3 15/9/2018 തീയതിയിലെ സർക്കാർ പരിപത്രം നമ്പർ 84/2018/ധന.

സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായുള്ള വിവര ശേഖരണത്തിന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിലേയും ഡി.ഡി.ഒ.മാരെ ജില്ലാതല നോഡൽ ഓഫീസർമാരായി നിയമിച്ചിരുന്നു. എല്ലാ ജില്ലാ നോഡൽ ഓഫീസർമാരും തങ്ങളുടെ ജില്ലയിൽപെടുന്ന സ്കൂൾ ജീവനക്കാരുടെ

വിവരങ്ങൾ എ.ഇ.ഒ.മാർ/ ഡി.ഇ.ഒ.മാർ മുഖേനെയും എ.ഇ.ഒ., ഡി.ഇ.ഒ., ഡയറ്റ്, ജില്ലാ ടെസ്റ്റ് ഓഫീസുകൾ/ ഡിപ്പോകൾ തുടങ്ങിയ മറ്റ് കാര്യാലയങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ നേരിട്ടും ശേഖരിക്കേണ്ടതാണ്. മുഖ്യ പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, ടെസ്റ്റ് ബുക്ക് ഓഫീസറുടെ കാര്യാലയം എന്നിവിടങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ നേരിട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കുക. എസ്.എസ്.എ, എസ്.സി.ആർ.ടി. തുടങ്ങിയ കാര്യാലയങ്ങളിൽ അന്യത്ര സേവനത്തിലായിരിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ മാതൃ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്.

ജീവനക്കാരിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ 2018 ഒക്ടോബർ മാസം മുപ്പത്തൊന്നാം തീയതിക്ക് മുമ്പായി സി.ഡി.യിലാക്കി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ആധാർ ഉൾപ്പെടെയുള്ള വിവരങ്ങളുടെ സുരക്ഷിതത്വത്തിനായി ഇമെയിൽ മുഖേനെയുള്ള വിവര ശേഖരണം ഒഴിവാക്കേണ്ടതാണ്. വിവര ശേഖരണവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ **http://medisep.kerala.gov.in/** എന്ന വെബ് സൈറ്റിലെ **Info**, **FAQ** എന്നീ മെനുകളിൽ ലഭ്യമാണ്.

DIRECTORATE OF PUBLIC INSTRUCTION • Thiruvananthapuram - 14

വിശ്വസ്തതയോടെ,

സീനിയർ ഫിനാൻസ് ഓഫീസർ ആൻഡ് അക്കൌണ്ട്സ് ഓഫീസർ
(സ്റ്റേറ്റ് നോഡൽ ഓഫീസർ, MEDISEP)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി